24/12/21

03/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No. 29(6)/2021/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.1247/എസ്.ഐ.സി-ജി 5/2021) തീയതി 03.12.2021

സന്നിഹിതൻ

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ശ്യാംകുമാർ. എസ്,
ലക്ഷ്മി ഭവൻ,
ആനപ്പെട്ടി,
പാരപ്പാറ പി.ഒ,
തിരുവനന്തപുരം – 695 551.
} പരാതി ഹർജിക്കാരൻ

Vs.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
തൊളിക്കോട് വില്ലേജ് ഓഫീസ്,
തൊളിക്കോട്, തിരുവനന്തപുരം – 695 541.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 27/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 13/01/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 22/01/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/02/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 20/02/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 30/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ശ്യംകുമാർ. എസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് 74 ദിവസം കഴിഞ്ഞിട്ടും എതിർകകഷി മറുപടി ലഭ്യമാക്കിയി ല്ലെന്നും വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നതിനും ടിയാന് വന്നിട്ടുള്ള കഷ്ടനഷ്ടങ്ങൾക്കും എതിർകക്ഷിക്കെതിരെ നിയമനടപടി സ്വീകരി ക്കണമെന്നും മറ്റുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 27.10.2020 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ശ്രീമതി ശ്യാമള അമ്മയുടെ പരാതിയുടെ ഫയൽ നമ്പർ എത്ര യെന്നും

2) ശ്രീമതി ശ്യാമള അമ്മയുടെ പരാതിയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ എടുത്ത നടപടി ക്രമങ്ങളുടെ ഫോട്ടോ കോപ്പി അറ്റസ്റ്റ് ചെയ്ത് നൽകുന്നതിനും

3) ശ്രീമതി ശ്യാമള അമ്മയുടെ പരാതിയുടെ അടിസ്ഥാനത്തിൽ മറുപടി കൊടുത്തിട്ടുണ്ടോ, എന്നിങ്ങനെ 11 ഇനങ്ങളിലായുള്ള ചോദ്യങ്ങളും അതിൽ കുറെ ഉപചോദ്യങ്ങളുമാണ്.

3. പരാതി ഹർജിക്കാരന്റെ 27.10.2020 ലെ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 12.02.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരൻ 08.06.2020, 20.09.2020 എന്നീ തീയ തികളിലും ഒരേ വിഷയത്തിൽ തന്നെ വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നുവെന്നും ആയതിന് യഥാക്രമം 07.07.2020, 15.10.2020 തീയതികളിൽ മറുപടി നൽകിയിട്ടു ള്ളതാണെന്നും ടിയാന്റെ അമ്മ ശ്രീമതി. ശ്യാമള 21.08.2020 ൽ ടി വിഷയത്തിൽ തഹസീൽദാർക്ക് അപേക്ഷ നൽകിയിരുന്നുവെന്നും ആയതിന് 18.11.2020 ൽ തഹസീൽദാർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്നും 15.10.2020 ൽ വീണ്ടും പരാതിക്കാരൻ ടി ചോദ്യങ്ങൾ തന്നെ ആവർത്തിച്ച് അപേക്ഷ നൽകിയെന്നും ആയതിന് രജിസ്റ്റേർഡ് പോസ്റ്റ് വഴി മറുപടി നൽകിയെന്നുമാണ്. പരാതിക്കാ

RIGHT TO INFORMATION

രൻ നിരവധി തവണ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന് ടിയാന്റെ സംശയ ദുരീകരണത്തിന് ആവശ്യമായ രേഖകൾ വിവരാവകാശ നിയമപ്രകാരം ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കുവാൻ മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ ആയതിന് പരാതിക്കാരൻ തയ്യാറായിട്ടില്ല എന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്നു ആരോപിച്ചാണ് പരാതിക്കാരൻ കമ്മീഷനിൽ പരാതി സമർപ്പിച്ചതായി കാണുന്നത്. 30.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഇരുകക്ഷികളും പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാതിരിക്കുകയോ ലഭ്യമായ മറുപടി തൃപ്തികരം അല്ലെങ്കിലോ പരാതി ഹർജിക്കാരന് ആയതിന് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ ടിയാൻ നേരിട്ട് സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പരാതി സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. പരാതി ഹർജിക്കാരൻ ടി വിഷയത്തിൽ തന്നെ നിരവധി തവണ അപേക്ഷ സമർപ്പിച്ചിരുന്നതായും ആയതിനെല്ലാം മറുപടി നൽകിയിട്ടുള്ളതുമായതിനാലാണ് ടിയാന്റെ 27.10.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നത് എന്നാണ് എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. എന്നാൽ ടിയാന്റെ 08.06.2020 ലെ അപേക്ഷയിലെ ഒരു ചോദ്യം മാത്രമേ 27.10.2020 ലെ അപേക്ഷയിൽ വന്നിട്ടുള്ളു എന്നാണ് പരാതിക്കാരൻ മൊഴി നൽകിയിട്ടുള്ളത്. പരാതിക്കാരന്റെ 27.10.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്ന പരാമർശിത കാലയളവിലെ എതിർകക്ഷിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത് ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. ടി എതിർകക്ഷിയുടെ നടപടി വിവരാവകാശനിയമം 7(1) വകുപ്പിന്റെ ലംഘനവും കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്ത

രവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ട താണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരി ക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാ ക്കേണ്ടതാണ്. നിലവിലെ SPIO ഈ ഉത്തരവ് ലഭിച്ച് 10 ദിവസങ്ങൾക്കകം പരാതിക്കാരന്റെ അപേക്ഷയിലെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടിയും ആവ ശ്യപ്പെട്ട രേഖകളും സൗജന്യമായി നൽകേണ്ടതും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 3-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm